(ഇ) 1985–ൽ ഈ ഓരോ തീയതിയിലെയും മൊത്തം കളക്ഷൻ എത്രവീതമായിരുന്നു.

(ഇ) ചുവടെ ചേർക്കുന്നു.

15–2–1985	23.9	ലക്ഷം രൂപ
16–2–1985	25.14	,,
17–2–1985	25.25	,,
18–2–1985	29.19	,,
19–2–1985	25.05	,,
20–2–1985	24.05	,,
21–2–1985	23.67	,,
22–2–1985	24.55	,,
23–2–1985	24.78	,,
24–2–1985	26.69	,,
25–2–1985	26.85	,,
26–2–1985	25.21	,,
27–2–1985	27.10	,,
28–2–1985	28.16	,,
1–3–1985	31.05	,,
2–3–1985	32.54	,,
3–3–1985	26.61	,,
4–3–1985	27.44	,,
5–3–1985	25.47	,,
6–3–1985	25.09	,,
7–3–1985	25.48	,,
8–3–1985	24.42	,,
9–3–1985	24.65	,,
10–3–1985	25.32	,,
11–3–1985	26.26	,,
12–3–1985	24.86	,,
13–3–1985	23.87	,,
14–3–1985	23.73	,,

പ്രൈവറ്റ് ബസ്സുകൾക്ക് ഓവർലാപ്പിംഗ് പെർമിറ്റ്

* 74 [79] ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ:
,, ഇ. പത്മനാഭൻ:
,, എൻ. ചന്ദ്രശേഖരക്കുറുപ്പ്:
,, കെ. പി. അരവിന്ദാക്ഷൻ:
,, കെ. മൂസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബസ്സ് റൂട്ടുകൾ ദേശസാൽക്കരിക്കപ്പെട്ടിരിക്കുന്ന മേഖലകളിൽ പ്രൈവറ്റ് ബസ്സുകൾക്ക് ഓവർലാപ്പിംഗ് പെർമിറ്റ് കൊടുത്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ അത് ഗവൺമെൻറിൻെറ നയമാണോ;

(സി) പെർമിറ്റ് കൊടുത്തിട്ടുള്ളത് എവിടെയെല്ലാം?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) ദേശസാൽകൃത മേഖലകളായ ആലപ്പുഴ, എറണാകുളം, വയനാട് എന്നിവിടങ്ങളിൽ ഉള്ള റൂട്ടുകളിൽ ചില നിബന്ധനകൾക്ക് വിധേയമായി പ്രൈവറ്റ് ബസ്സുകൾക്ക് ഓവർലാപ്പിംഗ് അനുവദിച്ചിട്ടുണ്ടോ ;

(ബി) ഇത് ഗവൺമെൻറിൻെറ പൊതുനയമല്ല. എന്നാൽ ഈ റൂട്ടുകളിൽ സർവ്വീസുകൾ വികസിപ്പിക്കേണ്ടതിൻെറ ആവശ്യത്തെ പരിഗണിച്ചും, അവിടെ ഓടിയിരുന്ന പ്രൈവറ്റ് സർവ്വീസുകളെ പരിഗണിച്ചും, ദേശസ്ാൽക്കൃത സ്കീമിൽ അധികമായിട്ടുള്ള മാറ്റങ്ങൾ വരുത്തി.

(സി) ആലപ്പുഴ—എറണാകുളം വയനാട് എന്നീ മേഖലകളിലാണ് ചില നിബന്ധനകൾക്കു വിധേയമായി പെർമിറ്റ് കൊടുക്കുവാൻ നിർദ്ദേശം കൊടുത്തിട്ടുള്ളത്.

ഗ്രാമോൽസവ പരിപാടികൾ

* 75 [80]. ശ്രീ. കെ.പി. എ. മജീദ്:

,, ഇ. റ്റി. മുഹമ്മദു ബഷീർ:

,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമോൽസവ പരിപാടികൾക്ക് പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡമെന്ത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം പഞ്ചായത്തുകളിൽ ഗ്രാമോൽസവ പരിപാടികൾ നടപ്പിലാക്കി:

(സി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) പൊതുവായ പിന്നോക്കാവസ്ഥ, ഉടനടിയുള്ള വികസന സാധ്യതകൾ, തദ്ദേശ നേതൃത്വത്തിൻെറ പ്രതികരണം എന്നിവ കണക്കിലെടുത്താണ് ഗ്രാമോൽസവ പരിപാടികൾക്ക് പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നത്.

200 (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൊത്തം പഞ്ചായത്തുകളിൽ ഗ്രാമോൽസവ പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഓരോ വർഷത്തേയും ഗ്രാമോൽസവം പഞ്ചായത്തുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly